I/5248631/2022

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നമ്പർ.ഐ റ്റി സെൽ-2/84/2022-വി.സാ.വ.
വിവര സാങ്കേതിക വിദ്യാ (ഐ റ്റി സെൽ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 22-04-2022

പരിപത്രം

വിഷയം:- വിവര സാങ്കേതിക വിദ്യാ വകുപ്പ് – ഇലക്ട്രോണിക്കായി ഫയലുകൾ / തപാലുകൾ സൃഷ്ടിക്കുന്ന സമയത്ത് ഫയൽ കണ്ടെത്തുന്നതിന് സഹായകരമായ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തണമെന്ന നിർദ്ദേശം - സംബന്ധിച്ച്

**********************

ഇലക്ട്രോണിക് ഫയൽ സംവിധാനം ഏർപ്പെടുത്തിയ വകുപ്പുകളിലെയും ഓഫീസുകളിലെയും ഫയൽ നീക്കം പൊതുജനങ്ങൾക്ക് ഓൺലൈനായി അറിയുന്നതിനുള്ള സംവീധാനം സർക്കാർ ഒരുക്കിയിട്ടുണ്ട്. എന്നാൽ ഇലക്ട്രോണിക്കായി ഫയലുകൾ/ തപാലുകൾ സൃഷ്ടിക്കുന്നസമയത്ത് ഫയൽ കണ്ടെത്തുന്നതിന് സഹായകരമായ വിവരങ്ങൾ യഥാസ്ഥാനത്ത് പൂർണ്ണമായും രേഖപ്പെടുത്തിക്കാണുന്നില്ല. ഇതു കാരണം, ഫയലിന്റെ സ്ഥിതി വിവരം അറിയുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നുവെന്ന നിരവധി പരാതികൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ഇലക്ട്രോണിക് ഫയൽ സംവിധാനം ഏർപ്പെടുത്തിയ വകുപ്പുകളിലും ഓഫീസുകളിലും ഇലക്ട്രോണിക് ഫയലുകൾ / തപാലുകൾ സൃഷ്ടിക്കുന്ന സമയത്ത് അപേക്ഷയിലെ പ്രതിപാദ്യവിഷയം, അപേക്ഷസമർപ്പിച്ച ആളിന്റെ പേര്, തസ്തിക, വിലാസം, ഫോൺ നമ്പർ, ഈമെയിൽ ഐ.ഡി., കത്തിന്റെ നമ്പർ, തീയതി തുടങ്ങിയ ലഭ്യമായ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തണമെന്ന് നിർദ്ദേശം നൽകുന്നു.

ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്:-
ധനകാര്യം, നിയമം ഉൾപ്പെടെയുള്ള എല്ലാ സെക്രട്ടേറിയറ്റ് വകുപ്പുകൾക്കും
എല്ലാ വകുപ്പ മേധാവികൾക്കും
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Sajeev K**
**Date: 22-04-2022 11:03:21**
സെക്ഷൻ ഓഫീസർ.